Circular No. 315
Election of Kaikkarans,
Parish Council
& Pastoral Council

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date: 01-03-2024

പ്രിയ ബഹുമാനപ്പെട്ട അച്ചാ, പ്രിയ ദൈവജനമെ,

മാമ്മോദീസായിലൂടെ ക്രിസ്തുവിൽ ചേർക്കപ്പെട്ട് ദൈവ ജനമായി സ്ഥാപിക്കപ്പെട്ട ക്രൈസ്തവ വിശ്വാസികൾ, ക്രിസ്തു വിന്റെ പുരോഹിത- പ്രവാചക-രാജകീയ ദൗത്യത്തിൽ തങ്ങളുടേതായ രീതിയിൽ പങ്കുകൊണ്ട്, ദൈവം സഭയെ ഭരമേല്പിച്ചിരിക്കുന്ന ദൗത്യം തങ്ങളുടെ ജീവിതാവസ്ഥയ നുസരിച്ച് നിർവ്വഹിക്കുവാൻ വിളിക്കപ്പെട്ടവരാണ് (CCEO c. 7§1). കൂട്ടായ്മയും, പ്രേഷിതാഭിമുഖ്യവും, പങ്കാളിത്തവും വർദ്ധിപ്പിച്ച് സഭയുടെ ദൗത്യം കാര്യക്ഷമമാക്കുന്നതിനായി ഫ്രാൻസിസ് മാർപ്പാപ്പ വിഭാവനം ചെയ്ത 'സിനഡാലിറ്റി' എന്ന ആശയം ഫലവത്താക്കാൻ സഹായിക്കുന്ന സഭാ സംവിധാന ങ്ങളാണ് അതിരൂപതാതലത്തിൽ പാസ്റ്ററൽ കൗൺസിലും ഇടവക തലത്തിൽ പാരിഷ് കൗൺസിലും.

അതിരൂപതയുടെയും ഇടവകയുടെയും സമഗ്രവളർച്ച ലക്ഷ്യമാക്കി ആത്മാർത്ഥമായി സേവനമർപ്പിച്ച് തങ്ങളുടെ ശുശ്രൂഷ പൂർത്തിയാക്കുന്ന കൈക്കാരന്മാരെയും പാരിഷ്, പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെയും ഞാൻ അഭിനന്ദിക്കു കയും ഹൃദയപൂർവ്വം നന്ദി പറയുകയും ചെയ്യുന്നു.

2024-25 വർഷത്തേക്കുള്ള കൈക്കാരന്മാരെയും 2024-2027 വർഷത്തേക്കുള്ള പാരിഷ് കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെയും അതത് നടപടിക്രങ്ങളനുസരിച്ച് തെരഞ്ഞെടു ക്കേണ്ടതാണ്.

കൈക്കാരന്മാരെയും പാരിഷ് കൗൺസിൽ അംഗങ്ങളെയും തെരഞ്ഞെടുക്കുമ്പോൾ, സഭാനിയമങ്ങൾ നിഷ്ക്കർഷിക്കുന്നത നുസരിച്ച്, സഭയുടെ വിശ്വാസത്തെയും പ്രബോധനങ്ങളെയും പരസ്യമായി എതിർക്കാത്തവരും ഏതെങ്കിലും പള്ളിമുട ക്കിൽപ്പെടാത്തവരും വാർഷിക പെസഹാ ചുമതലകളിൽ വീഴ്ച

വരുത്താത്തവരും, ശരിയായ മാനസിക ആരോഗ്യമുള്ളവരും, മനഃപൂർവ്വം സഭാനിയമങ്ങൾ ലംഘിക്കാത്തവരും ലഹരിവസ്തുക്കൾക്കടിമപ്പെടാത്തവരും സഭയോടും സമുദായത്തോടും പ്രതിബദ്ധതയുള്ളവരും ഉറച്ച ക്രൈസ്തവ ബോദ്ധ്യത്തോടെ സഹോദരങ്ങളുടെ നന്മയ്ക്കായി ത്യാഗപൂർവ്വം പ്രവർത്തിക്കുവാൻ സന്നദ്ധതയുള്ളവരുമായ വ്യക്തികളെ തെരഞ്ഞെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം (പള്ളിയോഗ നടപടിക്രമങ്ങൾ 11, 6). ഇടവകയിൽനിന്ന് വേതനം സ്വീകരിച്ച് ശുശ്രൂഷ ചെയ്യുന്ന കണക്കനെയും ദൈവാലയ ശുശ്രൂഷിയെയും തെരഞ്ഞെടുക്കാവുന്നതല്ല. തെരഞ്ഞെടുക്കപ്പെടുന്നവരിൽ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.

പാരിഷ് കൗൺസിൽ

പാരിഷ് കൗൺസിൽ രൂപീകരിക്കുന്നത് മൂന്നു വിഭാഗങ്ങളിലുള്ള അംഗങ്ങളെ ഉൾച്ചേർത്താണ്.

1. **ഔദ്യോഗികാധികാരം വഴിയുള്ള അംഗങ്ങൾ**

   (a) ഇടവക വികാരി (b) അസിസ്റ്റന്റ് വികാരി (c) തന്നാണ്ട് കൈക്കാരന്മാർ (d) വിശ്വാസപരിശീലന ഹെഡ്മാസ്റ്റർ (e) സംഘടനകളിൽനിന്നും കെ.സി.സി, കെ.സി.ഡബ്ല്യു.എ, കെ.സി.വൈ.എൽ, വിൻസന്റ് ഡി പോൾ സൊസൈറ്റി, ലീജിയൺ ഓഫ് മേരി, ഫ്രാൻസിസ്കൻ അല്മായസഭ എന്നിവയുടെ പ്രസിഡന്റുമാർ (f) പുതുതായി രൂപീകരിക്കുന്ന പാസ്റ്ററൽകൗൺസിലിൽ ഇടവകയിൽനിന്നും അംഗങ്ങളുണ്ടെങ്കിൽ അവർ.

2. **തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ**

   പാരിഷ് കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പുകൾ സാധിക്കുന്നിടത്തോളം പൊതുസമ്മതപ്രകാരം ആയിരിക്കണം. അല്ലെങ്കിൽ സന്നിഹിതരായ അംഗങ്ങളുടെ ഭൂരിപക്ഷത്തിലായിരിക്കണം നടത്തേണ്ടത്. പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ പാലിക്കേണ്ട ക്രമവും വ്യവസ്ഥകളും താഴെച്ചേർക്കുന്നു.

   (a) **കൂടാരയോഗ പ്രതിനിധികൾ:** ഇടവകയിലെ കൂടാരയോഗങ്ങളുടെ പ്രസിന്റുമാരായി തെരഞ്ഞെടുക്കപ്പെടുന്ന

വ്യക്തികളാണു പാരിഷ് കൗൺസിൽ പ്രതിനിധികൾ. കഴിഞ്ഞ മൂന്നുവർഷത്തെ കൂടാരയോഗമീറ്റിംഗുകളിൽ പകുതിയിലെങ്കിലും പങ്കെടുത്ത വ്യക്തിയെ ആയിരിക്കണം കൂടാരയോഗ പ്രസിഡന്റായി തെരഞ്ഞെടുക്കേണ്ടത്. അഞ്ചിൽ താഴെ കൂടാരയോഗങ്ങളുള്ള ഇടവകകളിൽ നിന്നും പ്രസിഡന്റുമാർ ഉൾപ്പടെ ആകെ അഞ്ചുപേരെ പാരിഷ് കൗൺസിൽ പ്രതിനിധികളായി തെരഞ്ഞെടുക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിൽ 30 ശതമാനം സ്ത്രീകളായിരിക്കുന്നത് അഭിലഷണീയമാണ്. എന്നാൽ, പ്രതിനിധികളിൽ സ്ത്രീകളുടെ എണ്ണം 10 ശതമാനത്തിൽ കുറയരുത്.

(b) **സമർപ്പിത സമൂഹത്തിന്റെ പ്രതിനിധി:** ഇടവകയിൽ ഒന്നിൽ കൂടുതൽ സമർപ്പിത സമൂഹങ്ങളുണ്ടെങ്കിൽ അത്തരം സമൂഹങ്ങളുടെ പ്രതിനിധികളുടെ യോഗം ഇടവക വികാരി വിളിച്ചുകൂട്ടി ഒരാളെ തെരഞ്ഞെടുക്കണം.

(c) **സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ :** ഇടവകയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും ഇടവകാംഗമായ പ്രതിനിധിയെയും ഇടവകയ്ക്ക് മറ്റ് സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവയിൽനിന്നും ഇടവകാംഗമായ ഒരു പ്രതിനിധിയെയും വികാരി വിളിച്ചുകൂട്ടുന്ന ഒരു മീറ്റിംഗിൽ വച്ച് തെരഞ്ഞെടുക്കേണ്ടതാണ്.

3. **നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ**

ഇടവകയുടെ പുരോഗതിക്ക് സഹായിക്കുന്ന വിവിധ തലങ്ങളിൽനിന്നുള്ള വിദഗ്ദ്ധരെ ഇടവക വികാരി നിർദ്ദേശിക്കുന്നതനുസരിച്ച് ആവശ്യമെങ്കിൽ അതിരൂപതാദ്ധ്യക്ഷൻ നിയമിക്കുന്നു.

ഇടവകയിൽനിന്നും ക്രമപ്രകാരം പുതിയ പാരിഷ് കൗൺസിലിലേക്ക് നിർദ്ദേശിക്കപ്പെടുന്നവരുടെ ലിസ്റ്റ് 2024 മെയ് 15 ന് മുമ്പായി അതിരൂപതാ കൂരിയായിൽ സമർപ്പിച്ച് അംഗീകാരം വാങ്ങിയിരിക്കണം. പുതിയ പാരിഷ് കൗൺസിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞ 2024 മെയ് 26-ാം തീയതി ഞായറാഴ്ച നടത്തേണ്ടതാണ്. അതിരൂപതയിലെ അജപാലന കമ്മീഷനു

കളുടെ പ്രവർത്തനങ്ങൾ ഇടവകതലത്തിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ ഓരോ പാരിഷ് കൗൺസിൽ അംഗത്തിനും ഓരോ കമ്മീഷന്റെ ചുമതല നൽകേണ്ടതാണ്.

പാസ്റ്ററൽ കൗൺസിൽ

അതിരൂപതയിലെ ദൈവജനത്തിന്റെ സർവ്വോന്മുഖമായ വളർച്ചയ്ക്കുതകുന്ന നയങ്ങൾ രൂപീകരിക്കുന്നതിനും അവ പ്രാവർത്തികമാക്കുന്നതിനും കാലാകാലങ്ങളിൽ ഉയർന്നു വരുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും അതിരൂപതാദ്ധ്യക്ഷനെ സഹായിക്കുന്ന ഒരു ആലോചനാസമിതിയാണു പാസ്റ്ററൽ കൗൺസിൽ (CCEO c. 272).

അതിരൂപതയിലെ എല്ലാ ക്രൈസ്തവവിശ്വാസികളുടെയും പ്രതിനിധികൾ ഈ സമിതിയിൽ അംഗങ്ങളാണ്. വൈദികർ, സന്യസ്തർ, അൽമായർ എന്നിവരുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെയും സമുദായ സംഘടനകളുടേയും ഭക്ത സംഘടനകളുടേയും ഇതര സേവനരംഗങ്ങളിലെ പ്രവർത്തകരുടെ പ്രതിനിധികളേയും ഉൾപ്പെടുത്തി ഒരു നിശ്ചിത കാലഘട്ടത്തിലേക്ക് സ്ഥാപിക്കുന്ന സമിതിയാണിത്. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെടുന്നവർ അതിരൂപതയുടെ സമഗ്രമായ വളർച്ചയ്ക്കുവേണ്ടി ആലോചന നൽകാൻ പര്യാപ്തമായ വിധത്തിൽ സഭാകാര്യങ്ങളിലും പൊതുവിഷയങ്ങളിലും അറിവുള്ളവരും നല്ല ധാർമ്മികതയിലും വിവേകത്തിലും മുൻപന്തിയിൽ നിൽക്കുന്നവരും അടിയുറച്ച കത്തോലിക്കാവിശ്വാസത്തിൽ ജീവിക്കുന്നവരുമായിരിക്കണം (CCEO c. 273). കൂടാതെ സമകാലിക പ്രശ്നങ്ങളെയും പ്രതിസന്ധികളെയും വിശകലനം ചെയ്ത് അവയെ തരണം ചെയ്യാനും സാധ്യതകളെ കണ്ടെത്തി പ്രായോഗികതലത്തിൽ ആവിഷ്ക്കരിക്കാനുള്ള വഴികൾ കണ്ടെത്താൻ കഴിവുള്ളവരുമായിരിക്കണം.

പാസ്റ്ററൽ കൗൺസിലിലേക്ക് ഓരോ ഫൊറോനയിൽ നിന്നും നാല് പ്രതിനിധികളെയാണ് തെരഞ്ഞെടുക്കേണ്ടത്. ഇതിൽ രണ്ടുപേർ പുരുഷന്മാരും രണ്ടുപേർ വനിതകളുമായിരിക്കണം. സാധിക്കുന്നിടത്തോളം യുവജനപങ്കാളിത്തം ഉണ്ടാകാൻ ശ്രദ്ധിക്കുമല്ലോ. അതിനായി ഓരോ ഇടവകയിൽനിന്നും ഇരുപതോ അതിൽ താഴെയോ അംഗങ്ങളുള്ള

പാരിഷ് കൗൺസിലിൽനിന്നും രണ്ട് പേരെയും ഇരുപതിൽ കൂടുതൽ അംഗങ്ങളുള്ള പാരിഷ് കൗൺസിലിൽനിന്നും മൂന്ന് പേരെയും തെരഞ്ഞെടുക്കണം. ഓരോ ഇടവകയിൽനിന്നുമുള്ള പ്രതിനിധികളിൽ ഒരു വനിതയെങ്കിലും ഉണ്ടായിരിക്കണം. ഇപ്രകാരം ഇടവകകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവർ ജൂൺ മാസം 10-ാം തീയതിക്കു മുമ്പായി ഫൊറോന വികാരിയുടെ നേതൃത്വത്തിൽ സമ്മേളിച്ച് നാല് പേരെ പാസ്റ്ററൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കേണ്ടതാണ്. ഫൊറോനയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേരുകൾ ജൂൺ 20 ന് മുമ്പായി ബഹു. ഫൊറോന വികാരി അതിരൂപതാ കൂരിയായിൽ നൽകേണ്ടതാണ്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവരെയും ഔദ്യോഗിക അംഗീകാരംവഴി അംഗങ്ങളാകുന്നവരെയും നാമനിർദ്ദേശം ചെയ്യപ്പെടുന്നവരെയും ചേർത്ത് കൗൺസിൽ രൂപീകരിക്കുന്നതാണ്. പ്രസ്തുത കൗൺസിലിന്റെ പ്രഥമയോഗം ജൂലൈ 16-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30ന് ചൈതന്യ പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്.

കൈക്കാരന്മാർ

ഇടവകയുടെ വസ്തുവകകളും വരുമാനങ്ങളും സൂക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഇടവക വികാരിയെ സഹായിക്കുന്നതിനും ഇടവകയുടെ ആത്മീയ - ഭൗതിക കാര്യങ്ങളിൽ ഇടവക വികാരിയോടു സഹകരിച്ചു പ്രവർത്തിക്കുന്നതിനുമായി പൊതുയോഗം തെരഞ്ഞെടുത്ത് അതിരൂപതാദ്ധ്യക്ഷനാൽ നിയമിക്കപ്പെടുന്ന വ്യക്തികളാണു കൈക്കാരന്മാർ. 21 വയസ്സിൽ കുറയാത്തവരും വിശ്വസ്തരും സത്യസന്ധരും കാര്യക്ഷമതയുള്ളവരും സേവന മനോഭാവമുള്ളവരും പള്ളിക്കുടിശിഖ ഒന്നുമില്ലാത്തവരും പള്ളിയോഗനടപടിക്രമത്തിൽ വ്യക്തമാക്കിയിട്ടുള്ള മറ്റു യോഗ്യതയുള്ളവരുമായിരിക്കണം (പള്ളിയോഗ നടപടിക്രമങ്ങൾ 42). നിലവിലുള്ള കൈക്കാരന്മാരുടെ എണ്ണത്തിൽ മാറ്റം വരുത്താനും തുടർച്ചയായി രണ്ടുവർഷത്തിൽ കൂടുതൽ ഒരാളെ കൈക്കാരനായി തെരഞ്ഞെടുക്കാനും അതിരൂപതാ കൂരിയായിൽനിന്നും മുൻകൂറായി അനുവാദം വാങ്ങേണ്ടതാണ്. സാമ്പത്തികവർഷം അവസാനിക്കുന്ന മാർച്ച് 31 നു ശേഷം പൊതുയോഗംകൂടി വാർഷികതിരട്ട് പാസ്സാക്കി

പുതിയ കൈക്കാരന്മാരെ തെരഞ്ഞെടുക്കേണ്ടതാണ്. വാർഷിക തിരട്ടിനോടൊപ്പം പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാരുടെ ലിസ്റ്റും അംഗീകാരത്തിനായി അതിരൂപതാ കൂരിയായിൽ മെയ് 31 നകം സമർപ്പിക്കേണ്ടതും ജൂൺ 2 ഞായറാഴ്ച പുതിയ കൈക്കാരന്മാരെ ചുമതല ഏല്പിക്കേണ്ട തുമാണ്.

നമ്മുടെ അതിരൂപതയുടെയും ഇടവകകളുടെയും വളർച്ച യിൽ നിർണ്ണായക പങ്കുവഹിക്കുവാൻ, തെരഞ്ഞെടുക്കപ്പെ ടുന്നവരിലൂടെ നമ്മുടെ അതിരൂപതയിലെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തിയും ചൈതന്യവും ലഭിക്കുവാൻ ദൈവം അനു ഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപത മെത്രാപ്പോലീത്ത

NB: ഈ സർക്കുലർ മാർച്ച് 10-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബ്ബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.